# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*579** **23.05.2017 ൽ മറുപടിയ്ക്ക്**

## സുജലം സുഫലം കാർഷിക വ്യാപന പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. ആൻസലൻ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.ആന്റണി ജോൺ | ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) ഹരിതകേരളം മിഷന്റെ ഭാഗമായി പ്രഖ്യാപിച്ചിട്ടുള്ള സുജലം സുഫലം കാർഷിക വ്യാപന പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | എ) ഹരിത കേരളം പദ്ധതിയുടെ ഭാഗമായ കൃഷി വികസന പദ്ധതികൾ 'സുജലം സുഫലം' എന്ന പേരിൽ നടപ്പിലാക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പച്ചക്കറി മേഖലയിൽ സ്വയം പര്യാപ്തത, തരിശുരഹിത വയലുകൾ, സമഗ്ര നാളികേര പുരയിട കൃഷി, കാർഷിക മൂല്യവർദ്ധിത ഉൽപന്നങ്ങൾ എന്നിവ 'സുജലം സുഫലം' പദ്ധതിയുടെ ലക്ഷ്യങ്ങളാണ്. കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസനം, നെൽകൃഷി വികസനം, നാളികേര വികസന പദ്ധതി, കാർഷികോൽപന്നങ്ങളുടെ മൂല്യവർദ്ധനവിനുള്ള പദ്ധതികൾ എന്നിവ 'സുജലം സുഫലം' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നു. വീട്ടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്ക് ഉപയുക്തമാക്കുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതരകൃഷികൾ നടപ്പിലാക്കുകയും വഴി പരമാവധി ഉൽപാദനം കൈവരിക്കുവാൻ ലക്ഷ്യമിടുന്നു. ഗാർഹിക – സ്ഥാപന തലങ്ങളിൽ ഉൽപാദിപ്പിക്കുന്ന ജൈവ മാലിന്യങ്ങൾ വളം (കമ്പോസ്റ്റ്) ആക്കി മാറ്റി അവ ഉപയോഗിച്ചും പരിസ്ഥിതിക്ക് ഇണങ്ങുന്ന നല്ല കാർഷിക പരിചരണ മുറകൾ അവലംബിച്ചും കൃഷി, ജൈവകൃഷി പ്രോത്സാഹനം, സുരക്ഷിത ഭക്ഷ്യവസ്തുക്കൾ (സേഫ് - ടു -ഈറ്റ്) ഉൽപാദന വർദ്ധനവ് എന്നിവ സാദ്ധ്യമാക്കുക എന്നതും പ്രസ്തുത പദ്ധതി ഉദ്ദേശ്യ ലക്ഷ്യങ്ങളിൽപ്പെടുന്നു. |

| | | | |
|---|---|---|---|
| ബി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ പച്ചക്കറി കൃഷിയിൽ പങ്കാളികളാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതുവിധത്തിലെന്ന് വിശദമാക്കുമോ; | ബി) | കൃഷി വകുപ്പ് നടപ്പിലാക്കുന്ന പച്ചക്കറി കൃഷി വികസന പദ്ധതിയുടെ ഭാഗമായി തരിശു നിലങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഹെക്ടറിന് 30,000/- രൂപ നിരക്കിൽ ധനസഹായം നൽകി വരുന്നു. പാട്ടത്തിന് കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 25,000/- രൂപയും ഭൂവുടമയ്ക്ക് ഹെക്ടറിന് 5000/- രൂപയും നൽകി വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള അയൽക്കൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്ക് ഇതിൽ ഭാഗഭാക്കായി ആനുകൂല്യം നേടിയെടുക്കാവുന്നതാണ്.<br>കൂടാതെ പച്ചക്കറി കൃഷി വികസന പദ്ധതിയിലെ മറ്റൊരു ഘടകമായ സ്ഥാപനങ്ങളിൽ / സർക്കാരേതര സംഘടനകൾ വഴി പ്രോജക്ടടിസ്ഥാനത്തിലെ പച്ചക്കറി കൃഷി പ്രകാരം കർഷക കൂട്ടായ്മകൾക്ക് കുറഞ്ഞത് 50 സെന്റ് സ്ഥലത്ത് (സർക്കാർ / സ്വകാര്യ സ്ഥാപനങ്ങളുടെ ഭൂമിയിൽ) പ്രോജക്ടടിസ്ഥാനത്തിൽ കൃഷി ചെയ്യുന്നതിന് 100 ശതമാനം ധനസഹായം അനുവദിക്കുന്നുണ്ട്. ടി പദ്ധതി ഘടകം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭൂമി അനുയോജ്യമെങ്കിൽ അവിടെ നടപ്പാക്കാവുന്നതാണ്. കൂടാതെ ടി സ്ഥാപനങ്ങളുടെ കീഴിലുള്ള അയൽകൂട്ടങ്ങൾ, സ്വയം സഹായ സംഘങ്ങൾ എന്നിവയ്ക്കും പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്. |
| സി) | വിവിധ ഏജൻസികളുടെ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിന് എന്തെങ്കിലും സംവിധാനമുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനും ഏകോപനത്തിനുമായി മൂന്ന് കർമ്മസേനകൾ (ടാസ്ക് ഫോഴ്സ്) സംസ്ഥാന, ജില്ല, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തലത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

S.[signature]

**സെക്ഷൻ ഓഫീസർ**